പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2249 — 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി വിതരണരംഗത്ത് സ്വകാര്യപങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണരംഗത്ത് സ്വകാര്യപങ്കാളിത്തം ആകാം എന്നും കെ.എസ്.ഇ.ബി. യെ കമ്പനിയാക്കി മാറ്റാം എന്നും സമ്മതിച്ച് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് ഏതെങ്കിലും കത്ത് എഴുതിയിട്ടുണ്ടോ; | (എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി.<br>ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, സംസ്ഥാന വിതരണ സ്ഥാപനത്തിന്റെ 2011-12ലെ ആഡിററ് കണക്കുകൾ 2013 ജനുവരി 31 നകം തീർപ്പാക്കുകയും അവയെ 1956-ലെ കമ്പനി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യുക, തുടങ്ങിയ വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തിന്റെ പ്രസക്തി AT & C നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനാണ്. കേരളത്തിൽ |

പൊതുമേഖലയിൽ തന്നെ പ്രസരണ-വിതരണ നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടു വന്ന സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള നിബന്ധന ഒഴിവാക്കാനാകുമെന്നാണ് കരുതുന്നത്. 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ 1956-ലെ കമ്പനീസ് ആക്ടു പ്രകാരമുള്ള പൊതുമേഖലാ സ്ഥാപനമായി പുന:സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയായി വരികയുമാണ്.

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ, ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (ബി) | 17-12-2012-ലെ സർക്കാർ കത്തിൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന വൈദ്യുതി രംഗത്തെ സബ്സിഡി ഒഴിവാക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | ഇലക്ട്രിസിറ്റി ആക്ട് 2003 - ലെ വ്യവസ്ഥകളനുസരിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമാണ്. കൂടാതെ താരിഫിലുള്ള ക്രോസ് സബ്സിഡി (Cross subsidy) ഘട്ടം ഘട്ടമായി കുറയ്ക്കണമെന്നും, അതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ നിഷ്കർഷിക്കണമെന്നും ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 62 (g) വ്യവസ്ഥചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാർ, ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസിയിലെ ഖണ്ഡിക 8.3.2 പ്രകാരം, എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും താരിഫ് ശരാശരി വിലയുടെ 80 ശതമാനം മുതൽ 120 ശതമാനം വരെയായി നിശ്ചയിക്കേണ്ടതാണ്. കൂടാതെ താരിഫ് പോളിസി അനുസരിച്ച് സംസ്ഥാനത്തെ ബി.പി.എൽ വിഭാഗങ്ങളുടെ ഏറ്റവും കുറഞ്ഞ താരിഫ് ശരാശരി വിലയുടെ 50 ശതമാനം എങ്കിലും ആക്കി നിശ്ചയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.<br>ടി വ്യവസ്ഥകൾക്കു വിധേയമായി സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2012 നവംബർ മാസത്തിൽ സംസ്ഥാനത്തെ |
| (ഡി) | ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ? | | |

വൈദ്യുതി ഉപഭോക്താക്കളുടെ താരിഫിലുള്ള ക്രോസ് സബ്സിഡി ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനുള്ള റെഗുലേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി റെഗുലേഷൻസ് പ്രകാരം അടുത്ത അഞ്ചുവർഷക്കാലത്തെ വൈദ്യുതിയുടെ ശരാശരി വിലയുടെ അടിസ്ഥാനത്തിൽ ആയിരിക്കും താരിഫ് നിശ്ചയിക്കുന്നത്.

സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളുടെ താഴ്ന്ന സ്ളാബുകളിലെ നിരക്കും, കാർഷിക ഉപഭോക്താക്കളുടെ നിരക്കും, അനാഥാലയങ്ങൾ തുടങ്ങിയവയുടെ നിരക്കും ശരാശരി വിലയുടെ 40 ശതമാനത്തിൽ താഴെയാണ്.

ഇലക്ട്രിസിറ്റി ആക്ടിലെ വിവിധ വകുപ്പുകൾ അനുസരിച്ചും, താരിഫ് പോളിസി അനുസരിച്ചും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ക്രോസ് സബ്സിഡി കുറയ്ക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷൻസ് അനുസരിച്ചും മേൽപറഞ്ഞ ഉപഭോക്താക്കളുടെ താരിഫ്, ഘട്ടം ഘട്ടമായി, മാറ്റേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ.**

**GOVERNMENT OF KERALA**

**No. 8131/C1/12/PD**

**Power (C) Department,**
**Thiruvananthapuram,**
**Dated 17.12.2012.**

From

The Secretary to Government.

To

The Joint Secretary,
Ministry of Power,
Shram Shakthi Bhavan,
Rafi Marg, New Delhi - 110 001.

Sir,

Sub : -Scheme for Financial Restructuring of State Distribution Companies (Discoms) - ' In principle' willingness of the State to join the scheme - communicated - Regarding.

Ref : -1. Office Memorandum No. 70/11/2012 - APDRP dated 05-10-12 of Ministry of Power, Government of India.
2. Your D.O Letter No. 20/11/2012/APDRP dated 14-11-2012.

Kind attention is invited to the reference cited. I am directed to send herewith the 'in principle' willingness of the State Government, to join the scheme for Financial Restructuring of State Distribution companies in the prescribed format, duly signed by the Secretary (Power).

Yours faithfully,

**A. J. ANTONY,**
*Additional Secretary,*
*For Secretary to Government.*

Section officer

o/c

SUPERINTENDENT
General Admn.(IBMC) Dept
Govt. Secretariat
Thiruvananthapuram
Ph. No: 2518405

**GOVERNMENT OF KERALA**

The Secretary,
Ministry of Power,
Shram Shakti Bhavan,
Rafi Marg, New Delhi - 110 001.

Sir,

Sub : -Principle Consent to be part of the Scheme for financial restructuring of State Discoms - Regarding.

With reference to the scheme for financial restructuring of State Discoms notified by GOI on 05-10-2012, we hereby give our in-principle consent and express willingness to join the scheme. We are in the process of finalizing FRP in consultation with Discoms, Lenders and taking the approval of all concerned.

We also agree to abide by all mandatory conditions of the scheme as contained in Part C of the Scheme. Further recommendatory conditions of the scheme will be considered and implemented in the State Distribution Companies in future. The table given below shows the status of the various mandatory conditions of the scheme.

Further, were understand that any breach in the compliance of mandatory conditions of the Scheme would not entitle us to the benefits under the Transitional Finance Mechanism.

**M. SIVASANKAR**
**SECRETARY (POWER)**

Section officer